ഭരണഭാഷ — മാതൃഭാഷ

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ഇൻഷ്വ/എസ്റ്റാ. - ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലർക്ക് തസ്തികയിൽ പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 19.07.2019-ലെ ഇൻഷ്വറൻസ് ഡയറക്ടറുടെ നോട്ട് ഉത്തരവ്.

------------------

ആസ്ഥാനകാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സ്റ്റീന ജി.ബി. ഡെവലപ്മെന്റ് ആഫീസറായി പ്രൊമോട്ട് ചെയ്തതിനാൽ വകുപ്പിൽ ഒരു ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവ് നിലവിലുണ്ട്. ടി ഒഴിവിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ക്ലാർക്കായ കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ ശ്രീ. കോറോത്ത് മീത്തൽ പ്രദീപന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

വയനാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. ശ്രീകുമാർ ജി-യെ ജൂനിയർ സൂപ്രണ്ടായി പ്രൊമോട്ട് ചെയ്തപ്പോൾ ഉണ്ടായ സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയർ എൽ.ഡി. ക്ലാർക്കായ ശ്രീമതി ദീപമുണ്ടയാടനെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

ശ്രീ. കോറോത്ത് മീത്തൽ പ്രദീപനെ ജൂനിയർ സൂപ്രണ്ടായി പ്രൊമോട്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്ത സീനിയർ എൽ.ഡി. ക്ലാർക്കായ ശ്രീമതി ഗീത എം. രാജപ്പനെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

**ഉത്തരവ് നമ്പർ ഇൻഷ്വ/എസ്റ്റാ/ഇ 6/13199/14 തീയതി 23.07.2019**

1. കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. കോറോത്ത് മീത്തൽ പ്രദീപനെ 30700-65400 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ആസ്ഥാനകാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു. കെ.എസ്.ആർ പ്രകാരമുള്ള യാത്രാബത്തയ്ക്കും പ്രവേശനകാലയളവിനും ടിയാന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. കണ്ണൂർ ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ ക്ലാർക്കായ ശ്രീമതി ദീപ മുണ്ടയാടനെ 25200-54000 രൂപ ശമ്പളസ്കെയിലിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി അതേ ആഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

3. കോട്ടയം ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ ക്ലാർക്കായ ശ്രീമതി ഗീത എം. രാജപ്പനെ 25200-54000 രൂപ ശമ്പളസ്കെയിലിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി അതേ ആഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)

***ജി. രാജേന്ദ്രൻപിള്ള***

ഇൻഷ്വറൻസ് ഡയറക്ടർ (ഇൻ-ചാർജ്)

ടി ജീവനക്കാർക്ക്

പകർപ്പ്-

1. ഡെപ്യൂട്ടി ഡയറക്ടർ II, III
2. അസിസ്റ്റന്റ് ഡയറക്ടർ I, II
3. ജില്ലാ ഇൻഷ്വറൻസ് ആഫീസർ, കണ്ണൂർ/കോട്ടയം.
4. അക്കൗണ്ട്സ് ആഫീസർ, കെ.എസ്.ഐ.ഡി.
5. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം/കണ്ണൂർ/കോട്ടയം.
6. ഐ.ടി. വിംങ്ങ് (7). ഓഫീസ് കോപ്പി.

അംഗീകാരത്തോടെ,

സെക്ഷൻ സൂപ്രണ്ട്.

(4) 24.07.2019